പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1416

02.03.2017-ൽ മറുപടിക്ക്

## മത്സ്യബന്ധന ഉപകരണങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വിവിധ പ്രകൃതി ക്ഷോഭങ്ങളിലും അല്ലാതെയും മത്സ്യബന്ധന ഉപകരണങ്ങൾ തകരുകയോ നഷ്ടപ്പെടുകയോ ചെയ്തവർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ; | (എ) | അതാത് ജില്ലാ കളക്ടറുടെ ഫണ്ടിൽ (SDRF /NDRF) നിന്നും, 20.05.15 ലെ സ.ഉ(കൈ) 194/15/DMD, 23.07.15 ലെ സ.ഉ.(കൈ) 343/15/DMD എന്നീ ഉത്തരവുകൾ പ്രകാരം കടൽ ക്ഷോഭത്തിൽ മത്സ്യബന്ധനയാനം പൂർണ്ണമായി തകർന്നവർക്ക് 9600/- രൂപയും ഭാഗികമായി നാശനഷ്ടം ഉണ്ടായവർക്ക് 4100/- രൂപയും വല പൂർണ്ണമായും നശിച്ചവർക്ക് 2600/- രൂപയും നൽകി വരുന്നു.<br><br>05.08.2016 ലെ സ.ഉ(കൈ) നമ്പർ 441/16/റവ പ്രകാരം ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് കേരളത്തിലെ കടലോര പ്രദേശങ്ങളിൽ മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് (ഗ്രൂപ്പ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംഘം ഒന്നിന് ഒരു ലക്ഷം രൂപ വീതം നഷ്ട പരിഹാരം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>മത്സ്യഫെഡ് വഴി ഗുണഭോക്താക്കൾക്ക് ഉപകരണ സുരക്ഷാ പദ്ധതി മുഖേന മാനദണ്ഡങ്ങൾക്ക് വിധേയമായി മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നഷ്ട പരിഹാരം നൽകി വരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം |

| | | | |
|---|---|---|---|
| | | | മത്സ്യ ബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യഫെഡ് ഗുണഭോക്താക്കളല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് മറ്റ് പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി വായ്പാ വിതരണത്തിന് മുൻഗണന നൽ കുന്നു. |
| (ബി) | ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കാതെ ബാക്കി നിൽക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്താകെ നിലവിൽ 140 അപേക്ഷകൾ തീർപ്പാകാതെ അവശേഷി ക്കുന്നുണ്ട്. |
| (സി) | പരാതികളിൽ തീർപ്പ കല്പിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ